MONDAY 05/08/2024 തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Nizam S A** **Editor : Dr. Binu Harriet Ivan**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 2/08/2024

1. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് അഞ്ചാംഘട്ടത്തിൻ്റെയും ചർമ്മമുഴരോഗപ്രതിരോധ കുത്തിവയ്പ്പ് രണ്ടാം ഘട്ടത്തിന്റെയും വാക്സിനേഷൻ ക്യാമ്പെയ്ൻ 05/08/2024 (ഇന്ന് മുതൽ) 30 പ്രവർത്തി ദിവസങ്ങളിലായി മൃഗസംരക്ഷണ വകുപ്പിൽ നിന്നുള്ള വാക്സിനേഷൻ ടീമുകൾ കർഷകരുടെ വീടുകളിൽ എത്തി വാക്സിനേഷൻ നടത്തുന്നതാണ്. വാക്സിനേഷനുകളുടെ സംസ്ഥാനതല ഉദ്ഘാടനം എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിലെ വെറ്ററിനറി ഡിസ്പെൻസറിയിൽ വച്ച് 05/08/2024 തിങ്കളാഴ്ച രാവിലെ 10 മണിക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി നിർവഹിക്കുന്നതാണ്. വാക്സിനേഷന്റെ ജില്ലാതല ഉദ്ഘാടനം നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയിലെ മുട്ടയ്ക്കാട് മിൽക്ക് പ്രൊഡ്യൂസേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ വച്ച് അന്നേ ദിവസം രാവിലെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ സ്ഥലം എം എൽ എ കെ. അൻസലൻ നിർവ്വഹിക്കുന്നു. അഞ്ച് മുതൽ ഉള്ള 30 പ്രവൃത്തി ദിവസങ്ങളിൽ മൃഗസംരക്ഷണ വകുപ്പിൽ നിന്നുള്ള വാക്സിനേഷൻ ടീ മുകൾ കർഷകരുടെ വീടുകളിൽ എത്തി വാക്സിനേഷൻ നടത്തുന്നതാണ്.

2. സംസ്ഥാനത്ത് അതിരൂക്ഷമായ മഴക്കെടുതി ഉണ്ടായ പ്രത്യേക സാഹചര്യത്തിൽ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ കുട്ടികൾക്ക് 2023- 2024 അധ്യയന വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യത്തിനുള്ള അപേക്ഷ സമർപ്പിക്കാനുള്ള തീയതി ജില്ലാ എക്സിക്യൂട്ടീവ് ഓഫീസുകളിൽ ആഗസ്റ്റ് 21 ന് വൈകിട്ട് 5 മണി വരെയും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസിൽ അപ്പീൽ അപേക്ഷ സ്വീകരിക്കുന്നതിന് ആഗസ്റ്റ് 31 ന്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വൈകിട്ട് 5 മണി വരെയും ദീർഘിപ്പിച്ചു. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ ഓഫീസുമായി ബന്ധപ്പെടുക. അപേക്ഷാ ഫോം www.agriworkersfund.org വെബ്സൈറ്റിൽ ലഭ്യമാണ്.

3. കുടുംബശ്രീ മിഷൻ നടപ്പിലാക്കുന്ന കേരള ചിക്കൻ പദ്ധതിയിൽ ഉൾപ്പെടുത്തി കേരള ചിക്കൻ ഫാം ആരംഭിക്കുന്നതിന് അർഹരായ കുടുംബശ്രീ അംഗങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. നിലവിൽ 1200 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഫാം, തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻറെ ഫാം ലൈസൻസ്, മലിനീകരണ നിയന്ത്രണ ബോർഡിൻറെ സർട്ടിഫിക്കറ്റ് എന്നിവ ഉള്ള കുടുംബശ്രീ അംഗങ്ങൾക്ക് (വ്യക്തി / ഗ്രൂപ്പ്) അപേക്ഷിക്കാം. അപേക്ഷ ഫോറം സിഡിഎസ്സിൽ നിന്നും ലഭിക്കും. ഫോൺ: 0497 2702080

4. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ കോഴിവളം കിലോയ്ക്ക് 3/-രൂപ നിരക്കിൽ കർഷകർക്ക് വിൽപ്പനയ്ക്ക് ലഭ്യമാണ്. ആവശ്യക്കാർ ബുക്കിങ്ങിനായി 0471 2730804 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. കേരള വെറ്ററിനറി ആന്റ് അനിമൽസയൻസസ് യൂണിവേഴ്സിറ്റിയുടെ മണ്ണുത്തിയിലുള്ള യൂണിവേഴ്സിറ്റി പൗൾട്രി ആന്റ് ഡക്ക് ഫാമിലെ (UPDF) റിസർച്ച് അസിസ്റ്റന്റ് തസ്തികയിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ താല്ക്കാലികനിയമനത്തിനായി അഭിമുഖം നടത്തുന്നു. 179 ദിവസങ്ങൾ/ അല്ലെങ്കിൽ പ്രോജക്ട് കാലാവധി കഴിയും വരെ ആണ് നിയമനം. വിദ്യാഭ്യാസ യോഗ്യത - MVSc in Poultry Science. ഇൻർവ്യൂവിൽ പങ്കെടുക്കേണ്ടവർ മണ്ണുത്തിയിലെ UPDF ഓഫിസിൽ 2024 ആഗസ്റ്റ് 6-ന് രാവിലെ 9.30ന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇൻർവ്യൂവിന് വരുമ്പോൾ വിശദമായ ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെയും മറ്റ് അവശ്യരേഖകളുടെയും സ്വയം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ കൊണ്ടുവരേണ്ടതാണ്. വിശദവിവരങ്ങൾക്കായി സർവ്വകലാശാല വെബ്സൈറ്റ് www.kvasu.ac.in സന്ദർശിക്കുക.

**പരിശീലന പരിപാടി**

6. കേരള കാർഷിക സർവകലാശാല കമ്മ്യൂണിക്കേഷൻ സെൻറർ 31.07.24ന് നടത്താനിരുന്ന അലങ്കാര മത്സ്യകൃഷി സംബന്ധിച്ച പരിശീലന പരിപാടി കനത്ത മഴ കണക്കിലെടുത്ത് 13.08.2024 ലേക്ക് മാറ്റിവെച്ചിരിക്കുന്നു. പ്രസ്തുത പരിപാടിയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 0487-2370773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ എന്നിവയിൽ ആഗസ്റ്റ് 13, 14 തീയതികളിൽ പരിശീലനം നടത്തുന്നു. റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർനിർമ്മാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ എന്നിവയാണ് പരിശീലന വിഷയങ്ങൾ. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9446976726 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.

8. **മൃഗസംരക്ഷണ നിർദ്ദേശം** -കറവപ്പശുക്കളിൽ അകിടുവീക്കം- രോഗം വരുന്നത് തടയാനായി പശുക്കളുടെയും പരിസരങ്ങളുടെയും ശുചിത്വം എപ്പോഴും ഉറപ്പുവരുത്തുക, കറവയന്ത്രം ഓരോ തവണയും ഉപയോഗം കഴിഞ്ഞയുടനെ കഴുകി സൂക്ഷിക്കുക. പ്രാണിശല്യം നിയന്ത്രിക്കുക, പശുക്കൾക്ക് രോഗപ്രതിരോധ ശേഷി നൽകുന്ന ടോണിക്കുകൾ നൽകുക. രോഗ ലക്ഷണങ്ങൾ കാണുകയാണെങ്കിൽ എത്രയും പെട്ടെന്ന് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക. പ്രാരംഭഘട്ടത്തിൽ തന്നെ ചികിത്സ നൽകിയാൽ രോഗം ഫലപ്രദമായി നിയന്ത്രിക്കാം..

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം